"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി- 10/02/2023 തീയതിയിൽ തിരുവനന്തപുരം സബ് കോടതിയിൽ നടന്ന ലോക് അദാലത്തിൽ സെറ്റിൽ ചെയ്ത എൽ.എ.ആർ കേസുകളിന്മേലുള്ള തുകയായ 25,50,000/- രൂപ - കക്ഷികൾക്ക് റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1880/2023/LSGD തീയതി,തിരുവനന്തപുരം, 22-09-2023

---

പരാമർശം:-
1. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 05/04/2023, 14/06/2023-തീയതികളിലെ എ4/1457/2017/ടിഡ നമ്പർ കത്തുകൾ.
2. സ.ഉ.(സാധാ)നം.1189/2023/തസ്വഭവ തീയതി 07.06.2023
3. സ.ഉ.(സാധാ)നം.5643/2023/ധന തീയതി 31.07.2023

**<u>ഉത്തരവ്</u>**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി വിവിധ റോഡുകളുടെ വികസനത്തിനായി പൊന്നുംവിലയ്ക്ക് ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് 247/2009, 321/2009 നമ്പർ എൽ.എ.ആർ കേസുകൾ 10/02/2023 തീയതിയിൽ ബഹു.തിരുവനന്തപുരം സബ് കോടതിയിൽ നടന്ന അദാലത്തിൽ ഒത്തുതീർപ്പാക്കുകയുണ്ടായി. പ്രസ്തുത കേസുകളുടെ സെറ്റിൽമെന്റ് പ്രകാരമുള്ള ആകെ തുകയായ 25,50,000/- രൂപ ബന്ധപ്പെട്ട കക്ഷികൾക്ക് അനുവദിക്കണമെന്ന് പരാമർശം (1) പ്രകാരം ടിഡ സെക്രട്ടറി അഭ്യർത്ഥിക്കുകയും ചെയ്തു.

2) മേൽ പരാമർശിച്ച എൽ.എ.ആർ കേസുകളിൽ അർത്ഥനാധികാരിയായ ടിഡയുടെ സമ്മതത്തോടുകൂടി ഒത്തുതീർപ്പാക്കിയിട്ടുള്ള ആകെ തുകയായ 25,50,000/- രൂപ (ഇരുപത്തിയഞ്ച് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) കക്ഷികൾക്ക് അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം ഭരണാനുമതി നൽകുകയും പരാമർശം (3) പ്രകാരം അധിക ധനാനുമതിയായി 25,50,000/- രൂപ "4217-60-800-93-Payment of Compensation in LAR Cases (Plan-Charged)" എന്ന ശീർഷകത്തിൽ അനുവദിക്കുകയും ചെയ്തിരുന്നു.

3) മേൽ പ്രകാരമുള്ള ഭരണാനുമതി ഉത്തരവിന്റെയും അധികധനാനുമതിയുടെയും അടിസ്ഥാനത്തിൽ 10/02/2023-ൽ ബഹു.തിരുവനന്തപുരം സബ് കോടതിയിൽ നടന്ന അദാലത്തിൽ ഒത്തുതീർപ്പാക്കിയ 247/2009, 321/2009 നമ്പർ എൽ.എ.ആർ കേസുകളിന്മേലുള്ള ആകെ തുകയായ 25,50,000/- രൂപ (ഇരുപത്തിയഞ്ച് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) ചുവടെ ചേർക്കുന്ന കക്ഷികൾക്ക്, "4217-60-800-93-Payment of Compensation in LAR Cases (Plan-Charged)" എന്ന ശീർഷകത്തിൽ അധിക ധനാനുമതിയായി അനുവദിച്ച തുകയിൽ നിന്നും റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

| ക്രമ നം. | കക്ഷിയുടെ പേരും മേൽവിലാസവും | എൽ.എ.ആർ നം. | ഇ.പി. നം. | 10/02/2023-ലെ അദാലത്തിൽ സെറ്റിൽ ചെയ്യ്ത തുക |
|---|---|---|---|---|
| 1 | ശ്രീമതി. ഗീത മോഹൻദാസ്<br>T.C.30/179<br>ദേവകി നിവാസ്, NSS റോഡ്,<br>ആനയറ (പി.ഒ) | 247/2009 | 3/2020 | 20,50,000/- |
| 2 | ശ്രീ മോഹൻദാസ്<br>T.C.30/179<br>ദേവകി നിവാസ്, NSS റോഡ്,<br>ആനയറ (പി.ഒ) | 321/2009 | 2/2020 | 5,00,000/- |
| ആകെ തുക - 25,50,000/- രൂപ (ഇരുപത്തിയഞ്ച് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) | | | | |

4) പരാമർശം (3) പ്രകാരം മേൽ 10/02/2023-ലെ അദാലത്തിൽ സെറ്റിൽ ചെയ്ത മേൽപ്പറഞ്ഞ തുകയുടെ ചെലവിന്റെ ക്രമീകരണത്തിനുള്ള ഉപധനാഭ്യർത്ഥന ശിപാർശ യഥാസമയം ലഭ്യമാക്കി നഗരകാര്യ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ)
ജില്ലാ കളക്ടർ, തിരുവനന്തപുരം
ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ശ്രീമതി. ഗീത മോഹൻദാസ്, T.C.30/179, ദേവകി നിവാസ്, NSS റോഡ്, ആനയറ (പി.ഒ)
ശ്രീ.മോഹൻദാസ്, T.C.30/179, ദേവകി നിവാസ്, NSS റോഡ്, ആനയറ (പി.ഒ)
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ജി.എസ്.എസ്.എ./ഇ & ആർ.എസ്.എ), കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
ധനവകുപ്പ് (WCD-3/152/2023-ധന(2482736), dated 05/08/2023)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Vijitha M B
സെക്ഷൻ ഓഫീസർ
Date: 25-09-2023 12:32:14